ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1097

# സൂറ – 37 / അസ്സ്വാഫ്ഫാത്ത്

**സൂക്തം: 6 – 10**

അദൃശ്യ സൃഷ്ടിയായ ചെകുത്താൻ ഭൂമിയിലും ഭൗതിക വാനത്തിലും - سماء الدنيا വിഹരിക്കുന്നുണ്ട്. അതിനപ്പുറം അതിഭൗതിക ലോകത്തിലെ അത്യുന്നത സഭകളിലേക്കൊന്നും കടക്കാനോ അവിടത്തെ വിവരങ്ങൾ ചോർത്തിയെടുക്കാനോ അവർക്കാവില്ല. അങ്ങനെ കടന്നുകയറാൻ ശ്രമിച്ചാൽ പ്രകാശഗോളങ്ങളോ അവയിൽനിന്നുള്ള തീയമ്പുകളോ (ഉൽക്കകൾ) അവരെ എറിഞ്ഞോടിക്കും. ചെകുത്താന്മാരെ സേവിക്കുന്നതും മന്ത്രവാദികളെയും ജ്യോത്സ്യന്മാരെയും വിശ്വസിക്കുന്നതും കേവലം മൗഢ്യമാണ്.

إِنَّا زَيَّنَّا ٱلسَّمَآءَ ٱلدُّنْيَا بِزِينَةٍ ٱلْكَوَاكِبِ ﴿٦﴾

6. ഭൗതിക വാനത്തെ നാം താരാലങ്കാരത്താൽ കമനീയമാക്കിയിരിക്കുന്നു.

وَحِفْظًا مِّن كُلِّ شَيْطَٰنٍ مَّارِدٍ ﴿٧﴾

7. മുരത്ത ചെകുത്താന്മാരിൽനിന്നൊക്കെയും സുരക്ഷിതവുമാക്കിയിരിക്കുന്നു.

لَّا يَسَّمَّعُونَ إِلَى ٱلْمَلَإِ ٱلْأَعْلَىٰ وَيُقْذَفُونَ مِن كُلِّ جَانِبٍ ﴿٨﴾

8. അത്യുന്നത സഭയിലേക്ക് ചെവി കൊടുക്കാനൊന്നും ചെകുത്താന്മാർക്കാവില്ല. നാനാഭാഗത്തുനിന്നും അവർ എറിയപ്പെടും.

دُحُورًا ۖ وَلَهُمْ عَذَابٌ وَاصِبٌ ﴿٩﴾

9. രൂക്ഷമായി ആട്ടിയോടിക്കാനായിട്ട്. അവർക്കുള്ളത് നിലക്കാത്ത ശിക്ഷയാകുന്നു.

إِلَّا مَنْ خَطِفَ ٱلْخَطْفَةَ فَأَتْبَعَهُۥ شِهَابٌ ثَاقِبٌ ﴿١٠﴾

10. വല്ലവനും വല്ല വിവരവും റാഞ്ചിയെടുക്കാൻ ശ്രമിക്കുന്നതല്ലാതെ, അങ്ങനെ ശ്രമിച്ചാലോ അവനെ തുളച്ചുകയറുന്ന ആഗ്നേയാസ്ത്രം പിന്തുടരുന്നു.

**6-10**

إِنَّا زَيَّنَّا = നാം അലങ്കരിച്ചു, കമനീയമാക്കി السَّمَاءَ الدُّنْيَا = സമീപ, ഐഹിക, ഭൗതിക വാനത്തെ

بِزِينَةٍ الْكَوَاكِبِ = നക്ഷത്രങ്ങളുടെ ഭംഗികൊണ്ട് (താരാലങ്കാരത്താൽ)

وَحِفْظًا = (സുരക്ഷിതവും ആക്കിയിരിക്കുന്നു) സുരക്ഷയും

مِّن كُلِّ شَيْطَانٍ = ചെകുത്താന്മാരിൽനിന്നൊക്കെയും مَّارِدٍ = (മുരത്ത) വഴങ്ങാത്ത, ധിക്കാരിയായ

لَّا يَسَّمَّعُونَ إِلَى الْمَلَإِ الْأَعْلَىٰ = -(ചെവികൊടു- അവർ ഉന്നതസഭയിലേക്ക് സാഹസപ്പെട്ട് കേൾക്കുന്നില്ല
ക്കാനൊന്നും അവർക്കാവില്ല)

وَيُقْذَفُونَ = അവർ എറിയപ്പെടും مِن كُلِّ جَانِبٍ = എല്ലാ (നാനാ) ഭാഗത്തുനിന്നും

دُحُورًا = (ആട്ടിയോടിക്കാനായിട്ട്) രൂക്ഷമായ ആട്ടിയോടിക്കൽ

وَلَهُمْ = അവർക്കുള്ളത് عَذَابٌ وَاصِبٌ = നിലക്കാത്ത ശിക്ഷയാകുന്നു

إِلَّا مَنْ خَطِفَ الْخَطْفَةَ = അല്ലാതെ (ക്കാൻ ശ്രമിക്കുന്നത്) റാഞ്ചിയെടുത്താൽ (വല്ലവനും വല്ല വിവരവും)

فَأَتْبَعَهُ = അവനെ പിന്തുടരുന്നു (അങ്ങനെ ശ്രമിച്ചാലോ) شِهَابٌ = (ആഗ്നേയാസ്ത്രം) ജ്വാല ثَاقِبٌ = തുളച്ചുകയറുന്ന

അല്ലാഹുവിനെ ഉദയാസ്തമയ ചക്രവാളങ്ങൾക്കുടയവൻ- رَبُّ الْمَشَارِقِ എന്നു പരിചയപ്പെടുത്തിയതിനോടനുബന്ധിച്ച് ഉദയാസ്തമയങ്ങൾക്കാധാരമായ സൂര്യചന്ദ്രനക്ഷത്രാദി പ്രകാശഗോളങ്ങളെ അനുസ്മരിക്കുകയാണ്. രാത്രികാലത്ത് മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളാൽ കമനീയമായി കാണപ്പെടുന്ന ആകാശത്തെ ആ വിധം വിതാനിച്ചത് അല്ലാഹുവാകുന്നു. അവന്റെ ഹിതാനുസാരം മലക്കുകൾ അവയെ വ്യവസ്ഥാപിതമായി പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒരേസമയം മനുഷ്യനെ അത്ഭുതപ്പെടുത്തുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്നതാണ് നക്ഷത്രാങ്കിതമായ നീലാംബരം. നക്ഷത്രങ്ങളുടെ പ്രത്യക്ഷ പ്രയോജനമാണ് സൗന്ദര്യാസ്വാദനം. അഗോചരമായ മറ്റൊരു പ്രയോജനവും കൂടി ഇവിടെ സൂചിപ്പിച്ചിരിക്കുന്നു. വാനലോകത്ത് നുഴഞ്ഞുകയറി അവിടത്തെ രഹസ്യങ്ങൾ ചോർത്താൻ ശ്രമിക്കുന്ന ചെകുത്താന്മാരെ ആട്ടിയോടിക്കുന്ന തീയമ്പുകളായും നക്ഷത്രങ്ങൾ പ്രവർത്തിക്കുന്നു.

ഭൗതിക പ്രപഞ്ചത്തിന്റെ കാര്യങ്ങളെല്ലാം ദൈവിക ഹിതാനുസാരം ആസൂത്രണം ചെയ്യുന്നതും തീരുമാനങ്ങളെടുത്ത് നടപ്പിലാക്കുന്നതും വാനലോകത്തെ മലക്കുകളുടെ അത്യുന്നത സഭയാണ് എന്ന് ബഹുദൈവാരാധകർ വിശ്വസിച്ചിരുന്നു. സമർഥരായ ചെകുത്താന്മാർക്ക് ഈ സഭകളിൽ നുഴഞ്ഞുകയറി അവരുടെ ആലോചനകളും തീരുമാനങ്ങളും ചോർത്തിയെടുത്ത് മനുഷ്യർക്കെത്തിച്ചുകൊടുക്കാൻ കഴിയും. ചെകുത്താന്മാരെ സേവിച്ചു തൃപ്തിപ്പെടുത്തുന്നവർക്കാണ് ആ വിവരങ്ങൾ ലഭിക്കുക. അങ്ങനെ മന്ത്രവാദികൾക്കും ജോത്സ്യന്മാർക്കുമൊക്കെ അദൃശ്യങ്ങളറിയാൻ കഴിയുന്നു. ചെകുത്താന്മാരിൽനിന്ന് ലഭിക്കുന്ന വിവരങ്ങളാണ് അവർ പ്രവചനങ്ങളായി ആളുകൾക്ക് കൈമാറുന്നത്..... ഖുർആൻ ഈ വിശ്വാസത്തെ പാടേ നിഷേധിക്കുകയാണ്. അദൃശ്യ സൃഷ്ടിയായ ചെകുത്താൻ ഭൂമിയിലും ഭൗതിക വാനത്തിലും -سَمَاءِ الدُّنْيَا വിഹരിക്കുന്നുണ്ട്. അതിനപ്പുറം അതിഭൗതിക ലോകത്തിലെ അത്യുന്നത സഭകളിലേക്കൊന്നും കടക്കാനോ അവിടത്തെ വിവരങ്ങൾ ചോർത്തിയെടുക്കാനോ അവർക്കാവില്ല. അങ്ങനെ കടന്നുകയറാൻ ശ്രമിച്ചാൽ പ്രകാശഗോളങ്ങളോ അവയിൽനിന്നുള്ള തീയമ്പുകളോ (ഉൽക്കകൾ) അവരെ എറിഞ്ഞോടിക്കും. ചെകുത്താന്മാരെ സേവിക്കുന്നതും മന്ത്രവാദികളെയും ജ്യോത്സ്യന്മാരെയും വിശ്വസിക്കുന്നതും കേവലം മൗഢ്യമാണ്. മനുഷ്യരുടെ ഭാഗധേയം സംബന്ധിച്ച അദൃശ്യകാര്യങ്ങളൊന്നും അറിയാനോ അറിയിക്കാനോ അവർക്കാവില്ല. ഈ വിഷയം നേരത്തേ 15: 16,18, 26:210,211,222,223 സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* വിശദമായി ചർച്ച ചെയ്തിരിക്കുന്നു. ഇതേപ്പറ്റി *അൽജിന്ന്, അൽ മുൽക്* സൂറകളിൽ ഇനിയും പരാമർശിക്കുന്നുമുണ്ട്.

ഭൂമിയോട് ഏറ്റം അടുത്ത ആകാശം, അല്ലെങ്കിൽ ഭൗതിക മനുഷ്യന്റെ ദൃഷ്ടിക്ക് ഗോചരമായ ആകാശമാണ് سَمَاءِ الدُّنْيَا. അതു തന്നെയാണ് ഒന്നാം ആകാശം. ഭൂമിയെയും അതിന്റെ വായുമണ്ഡലത്തെയും വലയം ചെയ്തുനിൽക്കുകയാണത്. അതിനെ വലയം ചെയ്ത് രണ്ടാം ആകാശം. അതിനും പിറകെ മൂന്നാം ആകാശം. അങ്ങനെ ഏഴ് ആകാശങ്ങൾ സ്ഥിതി ചെയ്യുന്നു എന്നാണ് സങ്കൽപം. സപ്തവാനങ്ങളുടെ സ്ഥിതി അങ്ങനെത്തന്നെയാണ് എന്നതിന് വൈദികമോ ശാസ്ത്രീയമോ ആയ തെളിവില്ല. പ്രകാശഗോളങ്ങൾ സ്ഥിതി ചെയ്യുന്നത് ഒന്നാം ആകാശത്താണ്. ഒന്നാം ആകാശത്തിന്റെ അതിരുകൾ നമുക്കറിഞ്ഞുകൂടാ. നക്ഷത്രങ്ങൾ ഒന്നാം ആകാശത്തിലല്ല, ഏഴാകാശങ്ങൾക്കും അപ്പുറം വ്യത്യസ്ത ദൂരങ്ങളിലായിട്ടാണ് എന്നും ഒരഭിപ്രായമുണ്ട്. രാത്രികാലത്ത് ഒന്നാം ആകാശത്ത് അതിന്റെ പ്രകാശം പ്രത്യക്ഷപ്പെടുകയാണ്. ഒന്നാം ആകാശം ഭൂമിയെ വലയം ചെയ്തു നിൽക്കുന്ന വായുമണ്ഡലമാണെന്ന് അഭിപ്രായപ്പെട്ടവരുണ്ട്. വായുമണ്ഡലത്തിൽ നക്ഷത്രങ്ങളോ ഗ്രഹങ്ങളോ ഒന്നുമില്ല. അതിനപ്പുറമുള്ള ആകാശങ്ങളിൽ -سماوات العليا സ്ഥിതിചെയ്യുന്ന നക്ഷത്രങ്ങളുടെ വെളിച്ചം അതിൽ മിന്നിത്തിളങ്ങുന്ന പ്രതിഭാസമായി പ്രത്യക്ഷപ്പെടുകയാണ്. അങ്ങനെ അല്ലാഹു വായുമണ്ഡലത്തെ -സമീപവാനത്തെ കമനീയമാക്കിയിരിക്കുകയാണ്. 'സമാഉദ്ദുൻയാ' കൊണ്ടുദ്ദേശിക്കപ്പെട്ട സ്ഥലം ഏതായിരുന്നാലും അതിനെ അല്ലാഹു നക്ഷത്രദീപങ്ങളാൽ അലങ്കരിച്ചിരിക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കുകയാണ് ഖുർആൻ. ഭൗതികവാനിൽ നമുക്ക് ഗോചരമാകുന്ന ഈ ദീപമാലകൾ ചെകുത്താന്മാർക്ക് ഉപരിലോകത്തെത്തുന്നതിന് തടസ്സവുമാകുന്നു. ഇതിലപ്പുറം നക്ഷത്ര സൃഷ്ടിയുടെ

യഥാർഥ ലക്ഷ്യം, അവയുടെ ധർമം, ഒന്നാം ആകാശത്തിന്റെ സ്ഥാനം, ഘടന തുടങ്ങിയ കാര്യങ്ങളൊന്നും വിശദീകരിക്കുക ഇവിടെ ഉദ്ദേശ്യമല്ല. അതൊക്കെ ഭൗതിക ശാസ്ത്രത്തിന്റെ ചർച്ചാ വിഷയങ്ങളാകുന്നു. നക്ഷത്രങ്ങൾ കൊണ്ട് മനുഷ്യർക്കുണ്ടാകുന്ന മറ്റൊരു പ്രയോജനം ദീർഘയാത്രകളിൽ -സമുദ്രസഞ്ചാരത്തിൽ വിശേഷിച്ചും- വഴിയറിയാൻ അവ സഹായകമാകുന്നു എന്നതാണ്. وَبِالنَّجْمِ هُمْ يَهْتَدُونَ (നക്ഷത്രങ്ങളാൽ അവർ വഴിയറിയുന്നു). പണ്ടുകാലത്ത് സമുദ്രസഞ്ചാരികൾ തങ്ങളുടെ ലക്ഷ്യസ്ഥാനങ്ങളുടെ ദിശയും വഴിയും മനസ്സിലാക്കിയിരുന്നത് നക്ഷത്രങ്ങൾ നിരീക്ഷിച്ചായിരുന്നു.

മൂലത്തിലെ حِفْظًا എന്ന പദം وحفظنا (നാം സൂക്ഷിക്കുകയും ചെയ്തു) എന്ന അനുക്തമായ ക്രിയയുടെ കർമമാണ്. വഴങ്ങാത്തതും മെരുങ്ങാത്തതും ഭീമാകാരവുമാണ് مارد. അല്ലാഹുവിനെ അനുസരിക്കാതെ ധാർഷ്ട്യപൂർവം ധിക്കരിച്ചുകൊണ്ടിരിക്കുന്നവൻ എന്നാണ് ഇവിടെ ഉദ്ദേശ്യം. وَحَفِظْنَاهَا مِن كُلِّ شَيْطَانٍ رَّجِيمٍ -അഭിശപ്തരായ സകല ചെകുത്താന്മാരിൽനിന്നും നാം അതിനെ സുരക്ഷിതമാക്കുകയും ചെയ്തു- എന്നാണ് 15:17-ൽ പറയുന്നത്. അവിടെ رجيم എന്ന് വിശേഷിപ്പിച്ചവനെ തന്നെയാണ് ഇവിടെ مارد എന്നു വിശേഷിപ്പിച്ചിരിക്കുന്നത്. يَسْتَمِعُون യിലെ تاء-നെ ശേഷമുള്ള س-ൽ ലയിപ്പിക്കുന്നതിനു (اذغام) വേണ്ടി س ആക്കി മാറ്റി ലയിപ്പിച്ചതാണ് يَسَّمَّعُونَ. ശ്രദ്ധിച്ചു കേൾക്കലും സാഹസികമായി കേൾക്കലും ക്ലേശിച്ചു കേൾക്കലുമൊക്കെയാണ് استماع. അതിൽനിന്നുള്ള വർത്തമാന ബഹുവചന ക്രിയാ രൂപമാണ് يَسَّمَّعُونَ . ഒരു കാര്യം ശ്രദ്ധിച്ചു കേൾക്കുന്നതിന് استمع എന്നാണ് സാധാരണ പ്രയോഗം. لَّا يَسَّمَّعُونَ إِلَى الْأَعْلَى എന്ന വാക്യത്തിന് അത്യുന്നത സഭയിലേക്ക് ചെവികൊടുക്കാൻ അവർക്ക് കഴിയില്ല, അഥവാ അത്യുന്നത സഭയെ കേൾക്കാവുന്നിടത്ത് എത്താനേ അവർക്ക് കഴിയില്ല എന്നർഥമാകുന്നു. അവിടെ എത്തും മുമ്പേ അവർ നാനാഭാഗത്തു നിന്നുമുള്ള തീയമ്പിനാൽ എറിഞ്ഞോടിക്കപ്പെടും. دُحُورًا ക്രിയാനാമം (مصدر) ആണ്. അനുക്തമായ يُدْحَرُون (ആട്ടിയോടിക്കപ്പെടും) എന്ന ക്രിയയുടെ കർമം പോലെയാണിത് ഉപയോഗിച്ചിരിക്കുന്നത്. حفظ , دُحُورًا എന്നിങ്ങനെ ക്രിയാ നാമങ്ങളെ ക്രിയയിലേക്ക് ചേർത്ത് അവതരിപ്പിക്കുന്നത് ക്രിയയുടെ കാർക്കശ്യത്തെയും കാഠിന്യത്തെയും സൂചിപ്പിക്കാനാണ്. തട്ടിപ്പറിക്കലും റാഞ്ചിയെടുക്കലുമാണ് خطف. അന്യന്റേത് അന്യായമായി കൈവശപ്പെടുത്തുന്നതിന്റെ രൂപങ്ങളിലൊന്നാണിത്.

പ്രമുഖന്മാരും പ്രമാണികളും അവരുടെ സഭയുമാണ് ملأ . കാര്യവിചാരം നടത്തുന്ന പ്രമാണിമാരുടെ ഉന്നത സഭ-ഉച്ചകോടിയാണ് مَلَإِ الْأَعْلَىٰ. പ്രാപഞ്ചിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന മലക്കുകളുടെ ഉന്നത സഭയാണിവിടെ ഉദ്ദേശ്യം. وَلَهُمْ عَذَابٌ وَاصِبٌ എന്നത് പരലോകത്തെ അവസ്ഥയാണ്. തുളച്ചു കയറുന്ന തീയമ്പുകൾക്കിരയാകുന്നതുകൊണ്ട് അവരുടെ ശിക്ഷ അവസാനിക്കുന്നില്ല. പരലോകത്ത് ശാശ്വതമായ ശിക്ഷ അവരെ കാത്തിരിക്കുന്നുണ്ട്. ●